പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 629 **13-10-2026-ൽ മറുപടിയ്ക്ക്**

ചിറയിൻകീഴ് എക്സൈസ് സ്റ്റേഷൻ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) ചിറയിൻകീഴ് എക്സൈസ് സ്റ്റേഷന്റെ നിലവിലെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: പരിശോധിച്ചിട്ടുണ്ട്. ചിറയിൻകീഴ് എക്സൈസ് സ്റ്റേഷന്റെ നിലവിലെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് എക്സൈസ് വകുപ്പിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ എക്സൈസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനും അതോടൊപ്പം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: പ്രസ്തുത സ്ഥലത്ത് പുതിയ എക്സൈസ് സ്റ്റേഷൻ മാത്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ